**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1362** **11-09-2023 - ൽ മറുപടിയ്ക്ക്**

**ഊട്ടറ പാലത്തിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഊട്ടറ പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (എ) | പാലക്കാട് ജില്ലയിലെ ഊട്ടറ പുഴപ്പാലത്തിന്റെയും, റെയിൽവേ മേൽപ്പാലത്തിന്റെയും നിർമ്മാണത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 10.07.2017തീയതിയിലെ G.O(Rt)No.942/2017/PWD പ്രകാരം ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ. യെ എസ്.പി.വി. ആയി ചുമതലപ്പെടുത്തുകയും ചെയ്തു. വിശദമായ പഠനങ്ങൾക്കു ശേഷം തയ്യാറാക്കിയ ഡി.പി.ആർ, ആർ.ബി.ഡി.സി.കെ. കിഫ്ബിയിൽ സമർപ്പിക്കുകയും 11.02.2020 തീയതിയിൽ കിഫ്ബി 10.61 കോടി രൂപ പുഴപ്പാലത്തിന്റെ നിർമ്മാണത്തിനും റെയിൽവേ മേൽപ്പാലത്തിന്റെ സ്ഥലമെടുപ്പിനുമായി അനുവദിക്കുകയും ചെയ്തു.<br><br>പദ്ധതിക്ക് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് പാലക്കാട് ജില്ലാ കളക്ടർക്ക് 16.12.2020 തീയതിയിൽ അർത്ഥന പത്രം സമർപ്പിക്കുകയും 27.01.2021 തീയതിയിലെ G.O(Rt)No.828/2021/RD നമ്പർ ഉത്തരവ് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിന് ഭരണാനുമതി റവന്യൂ വകുപ്പിൽ നിന്ന് നൽകുകയും ചെയ്തു. പദ്ധതി പ്രദേശത്ത് അതിർത്തി കല്ലുകൾ സ്ഥാപിച്ച് 28.06.2021 തീയതിയിൽ എൽ.എ. ഉദ്യോഗസ്ഥരുമായി സംയുക്ത പരിശോധന നടത്തുകയും ചെയ്തു. 11.10.2021 തീയതിയിൽ 4(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും 26.11.2021 തീയതിയിൽ ലാന്റ് അക്വിസിഷൻ ഓഫീസർ ആവശ്യപ്പെട്ട പ്രകാരം കണ്ടിജൻസി ചാർജ്ജ് റിലീസ് ചെയ്തിട്ടുണ്ട്. സാമൂഹ്യപ്രത്യാഘാത പഠനത്തോട് അനുബന്ധിച്ചുള്ള പബ്ലിക് ഹിയറിംഗ് 20.12.2021-ൽ നടത്തുകയും 07.02.2022-തീയതിയിൽ വിദഗ്ധ സമിതി മീറ്റിംഗ് നടത്തുകയും ചെയ്തിട്ടുള്ളതാണ്. 18.06.2022 തീയതിയിൽ 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും, 02.11.2022 തീയതിയിൽ |

| | | | |
|---|---|---|---|
| | | | ജില്ലാ കളക്ടർ BVR ന് അനുമതി നൽകുകയും ചെയ്തിട്ടുള്ളതാണ്. കൂടാതെ എൽ.എ കോസ്റ്റ് ആയി 7,79,94,317/- രൂപ സ്പെഷ്യൽ തഹസിൽദാർ എൽ.എ. യ്ക്ക് കൈമാറിയിട്ടുള്ളതാണ്.<br><br>ഊട്ടറ പുഴപ്പാലത്തിന് ആകെ 2 കക്ഷികളിൽ നിന്നും 5.13 ആർ സ്ഥലം മാത്രമാണ് ഏറ്റെടുക്കേണ്ടതായിട്ടുള്ളത്. ടി കക്ഷികളിൽ നിന്നും നിലവിൽ മുൻകൂറായി സ്ഥലം വിട്ടുതരുന്നതിനുള്ള സമ്മതപത്രം ലഭിച്ചിട്ടുള്ളതാണ്. അതനുസരിച്ച് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും 06.09.2022 തീയതിയിൽ കിഫ്ബിയുടെ അനുമതിക്കായി നൽകുകയും, 28.12.2022-ന് കിഫ്ബി പദ്ധതി ടെണ്ടർ ചെയ്യുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുള്ളതാണ്. നിലവിൽ പാലങ്ങൾ ഡിസൈൻ & ബിൽഡ് രീതിയിൽ ആണ് ടെണ്ടർ ക്ഷണിച്ചു വരുന്നത്. എന്നാൽ 02.12.2022 തീയതിയിലെ G.O(MS)No.34/2022/PWD നമ്പർ ഉത്തരവിൽ 29.02.2016 തീയതിയിലെ G.O(P)No.30/2016/FIN പ്രകാരം ഐറ്റം റേറ്റ് രീതിയിൽ ടെണ്ടർ ക്ഷണിക്കാൻ നിർദ്ദേശം നൽകുകയുണ്ടായി. തുടർന്ന് പദ്ധതി ഡിസൈൻ ചെയ്യുന്നതിനായി കൺസൾട്ടന്റായ M/S RITES നെ 04.01.2023 തീയതിയിൽ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഊട്ടറ പാലത്തിന്റെ നിർമ്മാണ പ്രവൃത്തി എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ? | (ബി) | പ്രസ്തുത പ്രവൃത്തിയുടെ ഡിസൈൻ IIT മദ്രാസിന്റെ അംഗീകാരത്തിനായി 08.08.2023 തീയിതിയിൽ സമർപ്പിച്ചിട്ടുണ്ട്. IIT-യുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് Technical Sanction നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ